# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2364** | **09.03.2018 ലെ മറുപടി**

**നാമ്പ്രാണി ചെക്ക് ഡാം പുനർനിർമ്മിക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള: | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| എ) മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി ചെക്ക് ഡാം പുനർ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;<br><br>(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതി നൽകിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;<br><br>(സി) മലപ്പുറം നഗരസഭയിലേയും കോഡൂർ പഞ്ചായത്തിലേയും കുടിവെള്ള പദ്ധതികൾക്ക് ഉപകാരമാകുന്ന തരത്തിൽ നാമ്പ്രാണി ചെക്ക്ഡാം പുനർനിർമ്മിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (എ)യും (ബി)യും (സി)യും<br><br>മലപ്പുറം ജില്ലയിൽ മലപ്പുറം ശുദ്ധജല വിതരണ പദ്ധതിയുടെ സമീപത്തായി നാമ്പ്രാണിയിൽ നിലവിൽ 25 വർഷം പഴക്കമുള്ള ഒരു വിയർ ഉണ്ട്. മണലെടുപ്പ് മൂലം ഈ വിയറിന്റെ അടിഭാഗത്തിലൂടെ ചെറിയ ചോർച്ച ഉണ്ട് എന്ന നിഗമനത്തിൽ ഇത് കുറയ്ക്കാനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ വേനൽക്കാലത്ത് ഈ പ്രവൃത്തി നടപ്പാക്കണമെങ്കിൽ മുഴുവൻ വെള്ളവും തുറന്ന് വിടേണ്ട അവസ്ഥ ഉണ്ടാകും . ഇത് മലപ്പുറം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയെ സാരമായി ബാധിക്കും. മാത്രമല്ല ഈ വിയറിൽ മെയ് 15 വരെ സാധാരണയായി വെള്ളം ഉണ്ടാകാറുണ്ട്. എസ്റ്റിമേറ്റിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ